# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6043 — 04.11.2016-ൽ മറുപടിയ്ക്ക്

## നിർമ്മിതി കേന്ദ്രം വഴി വീടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മിതി കേന്ദ്രം വഴി വീടുകൾ നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായമാണ് നൽകിവരുന്നത്; വിശദമാക്കുമോ; | (എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി വീടുകൾ നിർമ്മിക്കുന്ന ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്ന സഹായങ്ങൾ നൽകിവരുന്നു.<br>1. വീടുകളുടെ നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുക്കുന്നു.<br>2. വീടുകളുടെ സൂപ്പർവിഷൻ നൽകി വരുന്നു<br>3. ഡിസൈൻ നൽകി വരുന്നു.<br>600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ ഗുണഭോക്താക്കൾക്ക് കലവറയിൽ നിന്നും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ (നിർമ്മിതിക്കു ലഭിക്കുന്ന) 15% സൗജന്യ നിരക്കിൽ നൽകിവരുന്നു. നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ സെന്ററിൽ നിന്നും സിമന്റ് ഇഷ്ടികകൾ, ഇന്റർ ലോക്ക് ബ്രിക്സ്, കോൺക്രീറ്റ് കട്ടിളകൾ, വാട്ടർ ടാങ്ക് മുതലായവ ആവശ്യാനുസരണം നൽകി വരുന്നു. |
| (ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ; | (ബി) കലവറയിൽ നിന്നും സാമഗ്രികൾ സീനിയോറിറ്റി അനുസരിച്ച് ചുവടെയുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകിവരുന്നു.<br>1. 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന/അറ്റകുറ്റ പണികൾ നടത്തുന്ന വ്യക്തികൾ ആയിരിക്കണം.<br>2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട് നിർമ്മാണത്തിന് അനുവാദമോ/ എൻ.ഒ.സി.യോ ലഭിച്ച രേഖകൾ നൽകണം.<br>3. ബി.പി.എൽ വിഭാഗത്തിൽപെട്ടവർ ആണെങ്കിൽ അത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ നൽകണം. |

| | |
|---|---|
| | 4. സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട വീട് നിർമ്മാണം ആണെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം.<br>5.പഴയ വീട്ടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അറ്റകുറ്റ പണികൾ എന്നിവ നടത്തുന്നവർക്കും പരിശോധനയ്ക്ക് ശേഷം സാമഗ്രികൾ നൽകി വരുന്നു. |
| (സി) ഉപഭോക്താക്കൾക്ക് പൊതു വിപണിയേക്കാൾ എത്ര ശതമാനം വില കുറച്ചാണ് സാധന സാമഗ്രി കൾ നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) വീട് നിർമ്മിക്കുന്ന ഉപഭോക്താക്കൾക്ക് മാത്രമാണ് കലവറയിൽ നിന്നും സിമന്റ്, കമ്പി എന്നിവ നൽകി വരുന്നത്. 600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ ഉപഭോക്താക്കൾക്ക് പരമാവധി ഒരാൾക്ക് 500 കിലോ കമ്പിയും 50 പായ്ക്കറ്റ് സിമന്റും നിർമ്മിതിക്ക് ലഭിക്കുന്ന വിലയേക്കാൾ 15% കുറച്ച് നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ